# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1171 10.08.2017 -ലെ മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൈകല്യങ്ങളുള്ള കുട്ടികൾക്ക് സീറ്റുസംവരണം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | അംഗപരിമിതർക്കായുള്ള 1995-ലെ ദേശീയ നിയമത്തിന്റെ 39- ാം വകുപ്പ് പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്കു സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ പാലിക്കണമെന്ന് അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറിൽ നിന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | അംഗപരിമിതർക്കായുള്ള 1995 ലെ ദേശീയ നിയമത്തിന്റെ 39- ാം വകുപ്പ് പ്രകാരം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്ക് 3% സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകൾ പാലിക്കണമെന്ന് പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ എന്നിവ വഴി പ്രചരണം നൽകുന്നതിന് വിവര പൊതു ജനസമ്പർക്ക വകുപ്പിന് 02.06.2017 ലെ 841/17/എസ്.1/ എസ്.സി.പി.ഡബ്ല്യു ജി നമ്പർ സർക്കുലർ പ്രകാരം സംസ്ഥാന കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ നിർദ്ദേശത്തിന്റെ വിശദാംശങ്ങളും വൈകല്യങ്ങളുള്ള കുട്ടികൾക്കു സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച നിബന്ധനകളും എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും മൂന്ന് ശതമാനത്തിൽ കുറയാതെ സീറ്റുകൾ ഇവർക്കായി സംവരണം ചെയ്യണമെന്ന നിയമമുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | യൂണിവേഴ്സിറ്റി പരീക്ഷകളിൽ അംഗപരിമിതർക്കു ഗ്രേസ് മാർക്ക് നൽകണമെന്ന നിയമമുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിൽ ഗ്രേസ് മാർക്കു നൽകിയിട്ടുള്ള കുട്ടികളുടെ എണ്ണം യൂണിവേഴ്സിറ്റി , കോളേജ് എന്നിവ തിരിച്ച് | (ഡി) & (ഇ) | ഉണ്ട്.<br>വിവിധ സർവ്വകലാശാലകളിൽ നിന്നും വിവരങ്ങൾ<br>ശേഖരിച്ചുനൽകുന്നതാണ്. |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ; | | |
| (ഇ) | ഈ അദ്ധ്യയന വർഷം ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ സംവരണത്തിനും പ്രത്യേക അലോട്ട്മെന്റിനും എത്ര ഭിന്നശേഷിയുള്ള കുട്ടികൾ അപേക്ഷിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകളിന്മേൽ അനുകൂല നടപടി ഉണ്ടായെന്നും വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**